**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1943** **29-09-2025 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2011-ൽ പ്രവർത്തനം ആരംഭിച്ചപ്പോഴുള്ള കമ്പ്യൂട്ടർ, പ്രിന്റർ, തുടങ്ങിയവയാണ് തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിൽ ഇപ്പോഴും ഉപയോഗിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2011 ലെ 10 കമ്പ്യൂട്ടറുകളും 2014 ലെ 6 കമ്പ്യൂട്ടറുകളും 2019 ലെ ഒരു (1) കമ്പ്യൂട്ടറും നിലവിൽ തിരൂരങ്ങാടി സബ് ആർ.ടി.ഒ. യുടെ കാര്യാലയത്തിൽ ഉപയോഗിക്കുന്നുണ്ട്.കൂടാതെ 2017 ലെ ഒരു (1) പ്രിന്ററും ( Not working) 2020 ലെ ഒരു (1) പ്രിന്ററും 2023 ലെ ഒരു (1) പ്രിന്ററും നിലവിലുണ്ട്. |
| (ബി) | പതിനഞ്ചുവർഷത്തിൽ കൂടുതൽ ഉപയോഗിച്ച പ്രസ്തുത ഉപകരണങ്ങൾ മാറ്റി പുതിയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | പതിനഞ്ചു വർഷത്തിൽ കൂടുതൽ ഉപയോഗിച്ച ഉപകരണങ്ങൾ മാറ്റി പുതിയവ ലഭ്യമാക്കുന്നതിനായി C-Dit നല്കിയ പ്രൊപ്പോസൽ വകുപ്പിന്റെ പരിഗണനയിലാണ്. ഇതോടൊപ്പം പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (സി) | കരാറിൽ നിന്നും സി-ഡിറ്റ് ഒഴിവായതുമൂലം കേടുവരുന്ന കമ്പ്യൂട്ടറുകളുടെ തകരാറുകൾ പരിഹരിക്കാൻ ടെക്നിക്കൽ സ്റ്റാഫ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | 30.04.2025 ൽ C-Dit-മായുള്ള FMS പ്രോജക്റ്റ് അവസാനിപ്പിച്ചു. വകുപ്പിൽ കേടുവന്ന കമ്പ്യൂട്ടറുകളുടെ തകരാറുകൾ പരിഹരിക്കാൻ ടെക്നിക്കൽ സ്റ്റാഫിന്റെ തസ്തിക നിലവിൽ ഇല്ല. |
| (ഡി) | 100 കോടിയിൽ കൂടുതൽ സർക്കാറിന് പ്രതിവർഷം വരുമാനം നൽകുന്നതും സംസ്ഥാനത്തുതന്നെ ഏറ്റവും തിരക്കുള്ളതും തിരൂരങ്ങാടി, വേങ്ങര, വള്ളിക്കുന്ന് എന്നീ നിയമസഭാ മണ്ഡലങ്ങൾ പൂർണ്ണമായും താനൂർ നിയമസഭാ മണ്ഡലത്തിന്റെ പകുതിയും ഉൾപ്പെടുന്ന തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിൽ മേൽപ്പറഞ്ഞത് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും ഉപകരണങ്ങളുടെ റിപ്പെയർ സാധ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ